**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3610** **26-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ നിർത്തലാക്കി പ്രസ്തുത ജോലികൾ പുറംകരാർ ഏജൻസികൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | നിലവിൽ കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ നിർത്തലാക്കി പ്രസ്തുത ജോലികൾ പുറംകരാർ ഏജൻസികൾക്ക് നൽകുവാൻ തീരുമാനിച്ചിട്ടില്ല. |
| (ബി) | പുറംകരാർ നൽകുന്നതിലൂടെ ഏതെങ്കിലും വിഭാഗത്തിലെ ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ നിർത്തലാക്കി പ്രസ്തുത ജോലികൾ പുറംകരാർ ഏജൻസികൾക്ക് നൽകുവാൻ തീരുമാനിച്ചിട്ടില്ല. |
| (സി) | പുറംകരാർ നൽകുന്നതിലൂടെ എത്രത്തോളം തുകയാണ് കെ.എസ്.ആർ.ടി.സി.ക്ക് ലാഭിക്കാൻ കഴിയുന്നതെന്ന് വിശദമാക്കാമോ; | (സി) | നിലവിൽ കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ നിർത്തലാക്കി പ്രസ്തുത ജോലികൾ പുറംകരാർ ഏജൻസികൾക്ക് നൽകുവാൻ തീരുമാനിച്ചിട്ടില്ല. |
| (ഡി) | കെ.എസ്.ആർ.ടി.സി. യിൽ സുശീൽ ഖന്ന റിപ്പോർട്ട് നടപ്പാക്കുന്നതിന്റെ പുരോഗതി ഏത് വരെയായെന്ന് വിശദമാക്കാമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യുടെ സംഘടനയുമായി ബന്ധപ്പെട്ട് നിയോഗിച്ച പ്രൊഫസർ സുശീൽ ഖന്ന റിപ്പോർട്ടിലെ ശുപാർശയിന്മേൽ സർവ്വീസിനായി ബസ്സുകളുടെ ലഭ്യത ഉറപ്പാക്കുന്നതിന് മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലി സമയം, ബസ്സുകൾ സർവ്വീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചു. നിലവിലെ വർക്ക്ഷോപ്പിന്റെ അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ വർക്ക്ഷോപ്പ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. മെക്കാനിക്കൽ ജീവനക്കാരുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന പ്രൊഡക്റ്റിവിറ്റി കൗൺസിലിൽ നിലവിലെ ജോബ് നോംസ് പരിശോധിച്ച് ലഭ്യമാക്കിയ റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പ്രൊഫ.സുശീൽ ഖന്ന സമർപ്പിച്ച പഠന റിപ്പോർട്ടിൽ കോർപ്പറേഷന്റെ ഭരണം, സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ |

നടപടികൾ സ്വീകരിക്കണം എന്നതാണ് പ്രധാനമായും നിർദ്ദേശിച്ചിട്ടുള്ളത്. അപ്രകാരം സ്വീകരിച്ചിട്ടുള്ള വിവിധ നടപടികളുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു. കോർപ്പറേഷന്റെ മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിന് ഉന്നതതല മാനേജീരിയൽ തസ്തികകൾ രൂപീകരിച്ച് ഓപ്പൺ മാർക്കറ്റിൽ നിന്നും നിയമന നടത്തി പുനരുദ്ധാരണ നടപടികൾ പുരോഗമിക്കുന്നു. പ്രൊഫഷനൽ ഭരണസമിതി രൂപീകരിച്ചു. കോർപ്പറേഷനെ സ്വയം പര്യാപ്തമായ 3 മേഖലകളാക്കി മാറ്റുന്ന നടപടികൾ സ്വീകരിച്ചു. ഓപ്പറേറ്റിംഗ് / മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി ക്രമപ്പെടുത്തലും, മിനിസ്റ്റീരിയൽ ജീവനക്കാരുടെ ജോലി സമയവും പരിഷ്കരിച്ചു. കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർ വത്കരിക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. കെ.എസ്.ആർ.ടി.സി.യുടെ റൂട്ടുകൾ പുനഃക്രമീകരിക്കുന്നതിന് വിവധ പഠനങ്ങളും ഇതര നടപടികളും പുരോഗമിച്ചു വരുന്നു. ബസ് ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയേക്കൾ കൂടുതലായതിനാൽ ആയത് 1:5 എന്ന ദേശീയ ശരാശരിയേക്കാൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി പുതിയ നിയമനങ്ങൾ താൽകാലികമായി നിറുത്തി വച്ചിരിക്കുന്നു. കെ.എസ്.ആർ.ടി.സി.യുടെ സമ്പൂർണ്ണ പുനരുദ്ധാരണത്തോടനുബന്ധിച്ച്, പ്രൊഫ. സുശീൽ ഖന്ന സമർപ്പിച്ച പുനരുദ്ധാരണ പാക്കേജിൻ പ്രകാരം നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലയളവിലും എടുത്തിരുന്ന വായ്പകൾ, പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് വളരെ ലാഭകരമായി പുനഃക്രമീകരിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച തുക ഉപയോഗിച്ച് നിലവിലുണ്ടായിരുന്ന ഹ്രസ്വകാല വായ്പകൾ പൂർണ്ണമായും അടച്ച് തീർക്കുകയും, അതുവഴി വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം ഗണ്യമായ തുക ലാഭിക്കുവാനും കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് സ്വന്തം വരുമാനത്തിൽ നിന്നും പ്രതിമാസ പെൻഷൻ അനുവദിക്കാൻ കഴിയാതെ വരികയും, തൽഫലമായി പെൻഷൻ മുടങ്ങുന്ന സ്ഥിതിയും സംജാതമാവുകയുണ്ടായി. തദവസരത്തിൽ സർക്കാർ മുൻകൈയ്യെടുത്ത്, സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക

| | | | |
|---|---|---|---|
| | | | സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യം വഴി നിലവിൽ പെൻഷൻ മുടക്കം കൂടാതെ നൽകി വരുന്നുമുണ്ട്. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി നൽകുന്ന പെൻഷൻ തുക 10% പലിശയുൾപ്പെടെ സർക്കാർ 6 മാസത്തിനകം സഹകരണ ബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസ്സും, ജീവനക്കാരും തമ്മിലുള്ള അനുപാതം കുറച്ച് ദേശീയ ശരാശരിക്കൊപ്പം എത്തിക്കുന്നതിന്റെ ഭാഗമായി 2018-നുശേഷം വിരമിച്ച ജീവനക്കാർക്ക് പകരം പുതിയ നിയമനങ്ങൾ ഒന്നും നടത്തിയിട്ടില്ല. മാത്രമല്ല പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.യുടെ ബസ്സ് സർവ്വീസു കൾ പുനഃക്രമീകരിച്ചതു വഴി കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനം കോവിഡിന് മുൻപ് പ്രതിദിനം 6.30 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിരുന്നു. ഇത്തരത്തിൽ നേടിയ അധിക വരുമാനവും, വായ്പ തിരിച്ചടവിലെ ചെലവ് കുറച്ചതുവഴി ലഭ്യമായ തുകയും ഉപയോഗിച്ച് ജീവനക്കാർക്ക് നൽകുവാൻ കുടിശ്ശികയുണ്ടായിരുന്ന മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്, പ്രോവിഡന്റ് ഫണ്ട് എന്നിവയുടെ ഒരു ചെറിയ ഭാഗം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിൻ പ്രകാരമുള്ള നടപ്പിലാക്കിയ പുനരുദ്ധാരണ പദ്ധതികളുടെ ഗുണഫലം ലഭ്യമായി വരുന്ന വേളയിലാണ് രാജ്യത്ത് 2020 മാർച്ച് മാസത്തോടെ കോവിഡ് വ്യാപനം ആരംഭിക്കുന്നതും, തുടർന്ന് കെ.എസ്.ആർ.ടി.സി.യുടെ വരുമാനം കുത്തനെ കുറയുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടായത്. പ്രസ്തുത സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ